<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2102</u> <u>12-02-2024 - ൽ മറുപടിയ്ക്ക്</u>

<u>സിവിൽ സർവീസിന്റെ കാര്യക്ഷമത ഉയർത്തലും തസ്തികകളുടെ യോഗ്യതാ മാറ്റവും</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിവിൽ സർവീസിന്റെ കാര്യക്ഷമത ഉറപ്പ വരുത്തുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് വിവിധ വകുപ്പകളിലെ തസ്തികകളിലേക്കുള്ള യോഗ്യതകളിൽ മാറ്റം വരുത്തുന്നതിന് ശിപാർശ നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | നിയമസഭയുടെ യുവജന കാര്യവും യുവജനക്ഷേമവും സംബന്ധിച്ച സമിതി (2019 -21 )യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിവിൽ സർവീസിന് പ്രയോജനപ്പെടുന്ന തരത്തിൽ വകുപ്പകളിലും വകുപ്പകളുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയ്ക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ടി പ്രൊഫഷണൽ യോഗ്യത കൂടി ഉൾപ്പെടുത്തിയും പി.എസ്.സി. നിയമനങ്ങൾക്കുള്ള യോഗ്യത തന്നെ തസ്തികമാറ്റ നിയമനങ്ങൾക്കും ബാധകമാക്കുന്ന തരത്തിലും ബന്ധപ്പെട്ട വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) | മോട്ടോർ വാഹന വകുപ്പിൽ ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസ് നേടുന്നതിനുള്ള അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. ആയി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; യോഗ്യത കാലോചിതമായി പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഇത്തരത്തിൽ ശിപാർശ നൽകിയിട്ടില്ല .എന്നാൽ ഈ വിഷയം ഗതാഗത വകുപ്പിൽ പരിശോധിച്ചു വരുന്നു |
| (സി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ശിപാർശ കണക്കിലെടുത്ത് ഡ്രൈവർ തസ്തിക സാങ്കേതിക വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | (സി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഇത്തരത്തിൽ ശിപാർശ നൽകിയിട്ടില്ല എന്നാൽ ഈ വിഷയം ഗതാഗത വകുപ്പിൽ പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ